# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

2002 ജൂൺ 17–ാം തീയതി തിങ്കളാഴ്ച

(ആകെ ചോദ്യങ്ങൾ – 23)

**91. മൈനർ പോർട്ടുകളുടെ വികസനം**
**92. എം. എ. സി. റ്റി. വിധിയനുസരിച്ചുള്ള നഷ്ടപരിഹാരം**
**93. മുൻ സർക്കാർ ഏറ്റെടുത്ത കശുവണ്ടി ഫാക്ടറികൾ**
**94. അർബൻ ബാങ്ക് രജിസ്ട്രേഷന് പാലിക്കേ വ്യവസ്ഥകൾ**
**95. അന്തർ സസ്ഥാന ബസ് റൂട്ടുകൾ**
**96. അർബൻ സഹകരണ ബാങ്കുകളും മറ്റ് സഹകരണ ബാങ്കുകളും ആരംഭിക്കുവാൻ നടപടി**
**97. പ്രാഥമിക കൈത്തറി സംഘങ്ങളിൽ റിബേറ്റ് വെട്ടിപ്പ്**
**98. പുതിയ വ്യവസായ സംരംഭകർക്കുള്ള ആനുകൂല്യങ്ങൾ**
**99. ആർ.ടി.ഒ. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**
**100. ഐ.ടി. കമ്പനികളെ ആകർഷിക്കാനുള്ള നടപടി**
**101. റോഡ് സുരക്ഷാ അതോറിറ്റി**
**102. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിദേശ നിക്ഷേപം**
**103. സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിത്തീർക്കുവാൻ നടപടി**
**104. ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണം**
**105. കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ**
**106. തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്താനുള്ള നടപടി**
**107. ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് നടപടി**
**108. തൊഴിൽ നയം**
**109. സഹകരണ നിയമം ഭേദഗതി ഓർഡിനൻസ്**
**110. വ്യാവസായിക തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ചർച്ച**
**111. കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും സ്വകാര്യ ബസ്സുകളുടേയും നിലവിലുള്ള ഫെയർ സ്റ്റേജ് പുനർ നിർണ്ണയം**
**112. ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**
**113. കേരളത്തെ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാക്കിമാറ്റാൻ നടപടി**

## മൈനർ പോർട്ടുകളുടെ വികസനം

91. ശ്രീ. ഡി. സുഗതൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള മൈനർ പോർട്ടുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോർട്ടുകൾ വികസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതികളുണ്ടോ;

(സി) എങ്കിൽ ഇവയുടെ വികസനം എന്നത്തേക്ക് പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ)
1. കോവളം /വിഴിഞ്ഞം
2. വലിയതുറ (തിരുവനന്തപുരം)
3. തങ്കശ്ശേരി (കൊല്ലം)
4. നീണ്ടകര
5. കായംകുളം
6. ആലപ്പുഴ
7. മനക്കോടം
8. മുനംപം / കൊടുങ്ങല്ലൂർ
9. പൊന്നാനി
10. കോഴിക്കോട് / ബേപ്പൂർ

11. വടകര
12. തലശ്ശേരി
13. കണ്ണൂർ
14. നീലേശ്വരം
15. കാസറഗോഡ്
16. മഞ്ചേശ്വരം
17. അഴീക്കൽ

(ബി) ഉണ്ട്. മേൽപ്പറഞ്ഞ എല്ലാ തുറമുഖങ്ങളും വികസിപ്പിക്കുന്നതിനുള്ള സാധ്യത ഇപ്പോഴില്ല. വിഴിഞ്ഞം, തങ്കശ്ശേരി (കൊല്ലം), ആലപ്പുഴ, മുനമ്പം, പൊന്നാനി, ബേപ്പൂർ (കോഴിക്കോട്) അഴീക്കൽ എന്നീ ഏഴ് തുറമുഖങ്ങൾ വികസന സാധ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവ വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തുറമുഖ വികസനത്തിന് വൻപിച്ച മുതൽമുടക്ക് ആവശ്യമാണ്. സർക്കാരിന്റെ പക്കൽ ഇതിനാവശ്യമായ പണം ലഭ്യമല്ലാത്തതിനാൽ സ്വകാര്യ പങ്കാളിത്തത്തോടെ ഈ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്

(സി) പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ മുഴുവൻ ലഭ്യമായാലേ ഇക്കാര്യം വ്യക്തമാക്കാനാവൂ. വിവിധ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി വരികയാണ്.

## <u>എം. എ. സി. റ്റി. വിധിയനുസരിച്ചുള്ള നഷ്ടപരിഹാരം</u>

92. ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡന്റ് ക്ളെയിം ട്രൈബ്യൂണലുകളുടെ വിധിയിൻമേൽ കെ. എസ്. ആർ. ടി. സി. എത്ര തുക ഹർജി കക്ഷികൾക്ക് നൽകുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ട്രൈബ്യൂണൽ വിധിയിൻമേൽ തുക നൽകുവാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക വന്നിട്ടുള്ള തുക എന്നത്തേക്ക് നൽകുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) 10,81,33,864/- രൂപാ നൽകുവാനുണ്ട്.

(ബി) സാംപത്തിക ബുദ്ധിമുട്ട് കാരണമാണ് തുക നൽകുവാൻ കാലതാമസം ഉണ്ടാകുന്നത്.

(സി) കെ. എസ്. ആർ. ടി. സി. യുടെ കളക്ഷനിൽ നിന്നും കുടിശ്ശിക തുക നൽകുവാൻ സാധിക്കുകയില്ല. അതിനാൽ എട്ടു കോടി രൂപ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത് അദാലത്തു നടത്തി, പലിശ ഒഴിവാക്കികൊണ്ട് ക്ളെയിം കേസുകൾ ഒത്തു തീർപ്പാക്കി കക്ഷികൾക്ക് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തും നെയ്യാറ്റിൻകരയിലും അപ്രകാരം അദാലത്തുകൾ നടത്തികഴിഞ്ഞു. ഒത്തു തീർപ്പായ കേസുകളിൽ കോടതി നിർദ്ദേശമനുസരിച്ച് തുക നൽകുന്നതാണ്.

## <u>മുൻ സർക്കാർ ഏറ്റെടുത്ത കശുവണ്ടി ഫാക്ടറികൾ</u>

93. ശ്രീ. കെ വി. കുഞ്ഞിരാമൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി തൊഴിലാളികളുടെ സംരക്ഷണാർത്ഥം മുൻ സർക്കാർ ഏറ്റെടുത്ത കശുവണ്ടി ഫാക്ടറികൾ മുൻ ഉടമകൾക്ക് വിട്ടുകൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനകം എത്ര കശുവണ്ടി ഫാക്ടറികളാണ് ഇപ്രകാരം വിട്ടുകൊടുത്തിട്ടുള്ളത്;

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെയും കശുവണ്ടി തൊഴിലാളികളുടെ താൽപ്പര്യത്തെയും ഈ നടപടി ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഫാക്ടറികൾ സംബന്ധിച്ച് സുപ്രീം കോടതിയലെ കേസ് കോർപ്പറേഷന് അനുകൂലമായി കൈകാര്യം ചെയ്യുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ;

(ഇ) സുപ്രീം കോടതിയുടെ പ്രത്യേക പരിഗണനയ്ക്ക് ഈ കേസ് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ നടത്തിയിട്ടുള്ളത്?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) കേരള കാഷ്യു ഫാക്ടറീസ് (റിക്വസിഷനിംഗ്) ആക്ട് പ്രകാരം സ്വകാര്യ ഉടമകളിൽ നിന്നും ഏറ്റെടുത്ത 16 കശുവണ്ടി ഫാക്ടറികളിൽ മൂന്നു കശുവണ്ടി ഫാക്ടറികൾ സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഉടമകൾക്ക് തിരികെ നൽകിയിട്ടണ്ട്.

(ബി) മൂന്ന് (3) കശുവണ്ടി ഫാക്ടറികൾ

(സി) ഉണ്ട്

(ഡി) ഇല്ല.

(ഇ) മൂന്ന് ഫാക്ടറികൾ തിരികെ നൽകണമെന്ന് ബഹു. ഹൈക്കോടതിയുടെ ഉത്തരവിൻമേൽ ഓരോ ഫാക്ടറിക്കും വേണ്ടി കോർപ്പറേഷനും ഗവൺമെന്റും സുപ്രീം കോടതി മുമ്പാകെ പ്രത്യേകം പ്രത്യേകം സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകരാണ് കോർപ്പറേഷനുവേണ്ടിയും സർക്കാരിനുവേണ്ടിയും സുപ്രീം കോടതിയിൽ ഹാജരായത്.

**അർബൻ ബാങ്ക് രജിസ്ട്രേഷന് പാലിക്കേണ്ട വ്യവസ്ഥകൾ**

94. ശ്രീ. മത്തായി ചാക്കോ :

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :

ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അർബൻ ബാങ്കുകൾ രൂപീകരിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അനുമതി വാങ്ങേണ്ടത് ഇല്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അർബൻ ബാങ്ക് രജിസ്ട്രേഷന് സഹകരണ നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളും ആർ. ബി. ഐ. യുടെ എന്തെല്ലാം നിർദ്ദേശങ്ങളും പാലിക്കേണ്ടതുണ്ട് എന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ രജിസ്ട്രാർ ലൈസൻസില്ലാത്ത എത്ര അർബൻ ബാങ്കുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി; അവ ഏതെല്ലാം ;

(ഡി) ഷെയർ പിരിക്കുന്നതിന് എത്ര സ്ഥലത്ത് ചീഫ് പ്രമോട്ടർമാർക്ക് അനുവാദം നൽകിയിട്ടുണ്ട് ;

(ഇ) ലൈസൻസില്ലാതെ രജിസ്ട്രേഷൻ നൽകിയ സഹകരണ രജിസ്ട്രാറുടെ നടപടി കോടതിയിലും സർക്കാരിലും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ജി) ലൈസൻസില്ലാത്ത അർബൻ ബാങ്കുകൾ ജനങ്ങളിൽ നിന്നും ഡെപ്പോസിറ്റ് സ്വീകരിക്കുന്നതായും കോഴവാങ്ങി നിയമനങ്ങൾ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) 1969-ലെ സഹകരണ നിയമത്തിലെ വകുപ്പ് 4 മുതൽ 7 വരെയും ചട്ടം 3,4,15 എന്നിവ പ്രകാരമുള്ള വ്യവസ്ഥകളനുസരിച്ചാണ് പുതിയ സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്യുന്നത്.

ആർ. ബി. ഐ. യുടെ കൂടി നിയന്ത്രണത്തിലുള്ള അർബൻ സഹകരണ ബാങ്കുകൾ 1966–ലെ ബാങ്കിംഗ് റഗുലേഷൻ ഭേദഗതി നിയമം (ആസ് ആപ്ളിക്കബിൽ ടു കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ്) പ്രകാരമുള്ള വ്യവസ്ഥകൾക്കും കാലാകാലങ്ങളിൽ ഉള്ള ആർ. ബി. ഐ. യുടെ നിർദ്ദേശത്തിനും അനുസരിച്ചാണ് രൂപീകരിച്ചു പ്രവർത്തിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സഹകരണ നിയമത്തിലെ ചട്ടം 15(1) എ(3) (ബി) പ്രകാരമുള്ള 56 അൺലൈസൻസ്ഡ് അർബൻ സഹകരണ ബാങ്കുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) കേരള സഹകരണ നിയമത്തിലെ ചട്ടം 15(1) എ(3) (ബി) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 57 അർബൻ ബാങ്കുകൾക്ക് ഷെയർ പിരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആർ. ബി. ഐ. യുടെ കൂടി നിയന്ത്രണം വേണ്ട സഹകരണ അർബൻ ബാങ്കുകൾ രൂപീകരിക്കുവാൻ ഷെയർ പിരിക്കാനുള്ള അനുവാദം നൽകിയിട്ടില്ല.

(ഇ) സഹകരണ രജിസ്ട്രാർ നിയമപ്രകാരമാണ് അൺ ലൈസൻസ്ഡ് അർബൻ ബാങ്കുകൾ രജിസ്റ്റർ ചെയ്തത്. അതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ രജിസ്ട്രേഷൻ നിർത്തി വച്ചിട്ടുണ്ട്.

(എഫ്) ഇതിൻമേൽ അന്തിമ തീരുമാനം ആയിട്ടില്ല.

(ജി) നിക്ഷേപങ്ങൾ സ്വീകരിക്കുന്നുണ്ട്.

കോഴ വാങ്ങിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

## <u>അന്തർ സംസ്ഥാന ബസ് റൂട്ടുകൾ</u>

95. ശ്രീ. സി. കെ.നാണു :

ശ്രീ. എ. സി. ഷൺമുഖദാസ് :

ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :

ശ്രീ. കെ. പി. മോഹനൻ :

ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിലേക്കും അവിടെ നിന്ന് കേരളത്തിലേക്കും സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾക്ക് റൂട്ടുകൾ അനുവദിക്കുന്നതു സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മറ്റ് സ്റ്റേറ്റുകളിലെ മന്ത്രിമാരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്റ്റേറ്റുകളിലെ മന്ത്രിമാരുമായിട്ടാണെന്നും ചർച്ചയുടെ വിശദാംശം എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ എത്ര പുതിയ റൂട്ടുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) ഇല്ല.

(ബി) ആന്റ് (സി) ചോദ്യം ഉദിക്കുന്നില്ല.

## <u>അർബൻ സഹകരണ ബാങ്കുകളും മറ്റ് സഹകരണ ബാങ്കുകളും ആരംഭിക്കുവാൻ നടപടി</u>

96. ശ്രീ. യു. സി. രാമൻ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി അർബൻ സഹകരണ ബാങ്കുകളും മറ്റ് സഹകരണ ബാങ്കുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം പ്രസ്തുത ബാങ്കുകൾ ആരംഭിക്കാൻ ആണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ബാങ്കുകൾ ആരംഭിക്കുവാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എം. വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) യും (ബി) യും. സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) 1969–ലെ കേരളാ സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യുന്ന ബാങ്കുകൾക്ക് ഈ നിയമത്തിലെ 4 മുതൽ 7 വരെ വകുപ്പുകളിലും 3ഉം 4ഉം ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾ അടങ്ങിയ നിയമാനുസൃത അപേക്ഷയിൻമേൽ ടി സഹകരണ ബാങ്കിന്റെ സാധ്യത പരിശോധിച്ചാണ് നടപടി സ്വീകരിക്കുന്നത്. ഇരട്ട നിയന്ത്രണമുള്ള സഹകരണ അർബൻ ബാങ്കുകളെ സംബന്ധിച്ച് ഭാരതീയ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾക്കനുസൃതമായി അപേക്ഷ തയ്യാറാക്കി റിസർവ് ബാങ്കിന് സമർപ്പിച്ച് തത്വത്തിലുള്ള അംഗീകാരം വാങ്ങിയതിനുശേഷം (ഇൻ പ്രിൻസിപ്പൽ അപ്പ്രൂവൽ) ആണ് രജിസ്റ്റർ ചെയ്തു നൽകുന്നത്. രജിസ്ട്രേഷനു ശേഷം പ്രവർത്തനം തുടങ്ങാവുന്നതും ബാങ്കിംഗ് ഇടപാടു തുടങ്ങുന്നതിനു മുൻപ് റിസർവ് ബാങ്കിന്റെ ലൈസൻസ് നേടിയിരിക്കേണ്ടതുമാണ്.

## പ്രാഥമിക കൈത്തറി സംഘങ്ങളിൽ റിബേറ്റ് വെട്ടിപ്പ്

97. ശ്രീ. ടി. പി. എം. സാഹിർ :

ശ്രീ. പി. കെ. അബ്ദുറബ്ബ് :

ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കൈത്തറി സംഘങ്ങളിൽ റിബേറ്റ് നൽകുന്നതിലെ വെട്ടിപ്പ് അന്വേഷിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കണം എന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും സംഘടന നിവേദനം നൽകിയിട്ടുണ്ടോ;

(ബി) ഇത്തരം വെട്ടിപ്പ് നടത്തുന്നതിന് ഉദ്യോഗസ്ഥർ സഹായം നൽകുന്നതായിട്ടുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യം അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) പ്രാഥമിക കൈത്തറി സംഘങ്ങളിൽ റിബേറ്റ് നൽകുന്നതിലെ വെട്ടിപ്പ് അന്വേഷിക്കുന്നതിന് ഒരു വിദഗ്ധസമിതിയെയും ഒരു പ്രത്യേക സെല്ലിനെ സ്ഥിരമായും നിയമിക്കണമെന്ന് സംഘടനകൾ നിവേദനം നൽകിയിട്ടില്ല. എന്നാൽ ശ്രീ. പുഷ്പാംഗദൻ ഉൾപ്പെടെയുള്ളവർ റിബേറ്റ് വെട്ടിപ്പിനെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റിബേറ്റ് വെട്ടിപ്പുമായി ബന്ധപ്പെട്ട പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്.

(സി) പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതിയ വ്യവസായ സംരംഭകർക്കുള്ള ആനുകൂല്യങ്ങൾ

98. ശ്രീ. എ. സുജനപാൽ:

ശ്രീ. പി.ടി. തോമസ്:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. ടി.വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വ്യവസായം ആരംഭിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്;

(ബി) മറ്റു സംസ്ഥാനങ്ങളിൽ പുതുതായി വ്യവസായം തുടങ്ങുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവ മെച്ചപ്പെട്ട തോതിലുള്ളതാണെന്ന് കരുതുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ പുതുതായി വ്യവസായങ്ങൾ ആരംഭിക്കുന്നവർക്ക് കൂടുതൽ പ്രോൽസാഹനം നൽകുവാൻ നടപടിയെടുക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ചെറുകിട വ്യവസായങ്ങൾക്കും ഇടത്തരം-വൻകിയ വ്യയവസായങ്ങൾക്കും സംസ്ഥാന നിക്ഷേപ സബ്സിഡി, വ്യവസായ വികസന പ്ലോട്ടുകളിലേയും/പ്രദേശങ്ങളിലേയും വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം, ചെറുകിട വ്യവസായങ്ങളുടെ സാങ്കേതിക പുരോഗതി പ്രോൽസാഹിപ്പിക്കുന്നതിന് സാങ്കേതിക വിദ്യാവികസന ഫണ്ട്, ജൈവ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായ വികസനത്തിനായി വിവിധ പദ്ധതികൾ, പുതിയ വ്യവസായ യൂണിറ്റുകൾക്ക്, ഉത്പാദനം ആരംഭിച്ചുകഴിഞ്ഞാൽ, ആദ്യത്തെ അഞ്ചുവർഷം വൈദ്യുതി വർദ്ധനവിൽനിന്ന് ഇളവ്, വിപണന പദ്ധതി/വിപണന പ്രോൽസാഹന പരിപാടി പ്രകാരം ധനസഹായം, ഭക്ഷ്യസംസ്ക്കരണ വ്യവസായങ്ങൾക്ക് വിവിധ വികസന പദ്ധതികൾ, പ്രാഥമിക കരകൗശല സഹകരണസംഘങ്ങൾക്ക് ഓഹരി മൂലധന വായ്പ, കരകൗശലമേഖലയിലെ അനുബന്ധ സ്ഥാപനങ്ങൾക്ക് ധനസഹായം, കരകൗശല/ആർട്ടിസാൻ മേഖലയിൽ വ്യവസായ സംരംഭകർക്കുള്ള പലിശരഹിത/ നാമമാത്ര പലിശയോടുകൂടിയ വായ്പ, ചെറുകിട വ്യവസായ ഉത്പന്നങ്ങൾക്ക് വിപണന സഹായങ്ങൾക്കുള്ള വ്യവസായത്തിന് ധനസഹായം, കയർ, കൈത്തറി, കശുവണ്ടി, ഇൻഫർമേഷൻ ടെക്നോളജി മേഖലകൾക്ക് വിവിധ ആനുകൂല്യങ്ങൾ എന്നിവയാണ് നിലവിലുള്ള മുഖ്യമായ ആനുകൂല്യങ്ങൾ. കൂടാതെ സംരംഭകർക്ക് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ, വളർച്ചാകേന്ദ്രങ്ങൾ, വ്യവസായം തുടങ്ങുന്നതിനാവശ്യമായ ലൈസൻസുകളും, സർട്ടിഫിക്കററുകളും സുഗമമായി ലഭ്യമാക്കുന്നതിന് ഏകജാലക ക്ലിയറൻസ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. കൂടാതെ പുതിയ വ്യവസായ നയത്തിൽ പ്രഖ്യാപിക്കുന്ന മററാനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

(ബി) ആന്റ് (സി)

മറ്റു പല സംസ്ഥാനങ്ങളും നൽകുന്ന മാതൃകയിലാണ് നമ്മുടെ സംസ്ഥാനവും ആനുകൂല്യങ്ങൾ നൽകുന്നത്.

## ആർ.ടി.ഒ. ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

99. ശ്രീ. എ.എൻ. രാജൻബാബു:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. ജോണി നെല്ലൂർ:
ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി.ഒ. ഓഫീസികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ആർ.ടി.ഒ. ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓഫീസ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി ആരംഭിച്ചുകഴിഞ്ഞു. ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതാണ്. ലേണേഴ്സ് ലൈസൻസിനുള്ള ടെസ്റ്റ്, കമ്പ്യൂട്ടറിന്റെ സഹായത്തോടെ നടത്തുന്നതിനുള്ള സംവിധാനം തിരുവനന്തപുരത്ത് സ്ഥാപിച്ചു കഴിഞ്ഞു. ഈ സംവിധാനം എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതോടുകൂടി ലേണേഴ്സ് ലൈസൻസ് നൽകുന്നത് സംബന്ധിച്ചുള്ള നടപടി ക്രമങ്ങൾ വേഗത്തിലും സുതാര്യതയോടെയും നടത്തുവാൻ കഴിയുന്നതാണ്.

ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സ്മാർട്ട് ഒപ്റ്റിക്കൽ കാർഡിലും നൽകുന്നതിനും ഉദ്ദേശമുണ്ട്. വകുപ്പിനെ സംബന്ധിച്ച് എല്ല വിവരങ്ങളും, സേവനങ്ങൾ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളും ഫോറങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വെബ്സൈറ്റ് ആരംഭിച്ചുകഴിഞ്ഞു. ഓരോ ആർ.ടി.ഓഫീസുകളിലുമുള്ള എൻക്വയറി കൗണ്ടറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. ഓഫീസുകളിൽ വരുന്ന പൊതുജനങ്ങളുടെ അപേക്ഷകളും പരാതികളും എൻക്വയറി കൗണ്ടറുകളിൽ സ്വീകരിക്കുന്നതിനും ഡ്രൈവിംഗ്

ലൈസൻസുകളും മറ്റു രേഖകളും ഈ കൗണ്ടറുകളിൽ കൂടി കക്ഷികൾക്ക് നൽകുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. വാഹന നികുതി ബാങ്കുകളിൽ അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുദ്ദേശിക്കുന്നു. ഏജന്റുമാരേയും ദല്ലാളൻമാരേയും ഓഫീസിനുള്ളിൽ പ്രവേശിപ്പിക്കരുതെന്ന് ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ. മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## <u>ഐ.ടി. കമ്പനികളെ ആകർഷിക്കാനുള്ള നടപടി</u>

100. ശ്രീ. സി. മൊയിൻകുട്ടി:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. സി.ടി അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ ഐ.ടി. കമ്പനികൾ ആരംഭിച്ചിട്ടുണ്ട്;
(ബി) കൂടുതൽ കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നുണ്ടോ;
(സി) എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**<u>ഉത്തരം</u>**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ടെക്നോപാർക്കിൽ 6 പുതിയ ഐ.ടി. കമ്പനികളും കെ.എസ്.ഐ.ഡി.സി യുടെ സഹായത്തോടെ 3 കമ്പനികളും പ്രവർത്തനമാരംഭിക്കുകയുണ്ടായി. കൂടാതെ STPI യുടെ കീഴിൽ 30 സോഫ്റ്റ് വെയർ ഡവലപ്മെന്റ് കമ്പനികൾ ഈ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തേക്ക് കൂടുതൽ കമ്പനികളെ ആകർഷിക്കുന്നതിനുപയുക്തമായ സമഗ്രമായ ഒരു ഐ.ടി. വ്യവസായ നയവും ഇൻസെന്റീവ് സ്കീമും പ്രഖ്യാപിച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ഠിക്കുകയും നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ ഫലപ്രദവും ആകർഷകമാക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിൽ എക്സ്ബിഷനുകളിൽ പങ്കെടുക്കുകയും മാധ്യമങ്ങൾ വഴി കൂടുതൽ പരസ്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ടെക്നോപാർക്കിൽ IT കേരളാ 2002 എക്സിബിഷൻ ആഗസ്റ്റ് 1 മുതൽ 5 വരെ സംഘടിപ്പിക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി യുടെ സഹകരണത്തോടെ സ്വകാര്യ മേഖലയിൽ ഗൾഫാർ ഹൈടെക് ഐ.ടി. പാർക്ക് കൊച്ചിയിൽ സ്ഥാപിക്കാൻ നടപടിയെടുത്തിട്ടുണ്ട്. ഐ.ടി. മേഖലയിലെ നവസംരംഭകർക്ക് എല്ലാ സൗകര്യങ്ങളും നൽകുന്നതിനായി കേരളാ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ 2002 നവംബർ മാസത്തിൽ ഒരു ആഗോള നിക്ഷേപക സമ്മേളനം സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സംസ്ഥാനത്ത് ഐ.ടി. നിക്ഷേപകരെ ആകർഷിക്കുന്നതിനുപയുക്തമായ ബാൻഡ് വിഡ്ത്ത് ലഭ്യമാക്കുന്നതിനായി ഓപ്റ്റിക് ഫൈബർ കേബിൾ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം പൂർത്തിയായി വരുന്നു. കേരളത്തിലെ ഐ.ടി. വ്യവസായ സംരംഭകർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ കൊച്ചിയിൽ സ്ഥാപിക്കുന്ന ഐ.ടി.ഇ.എസ്. ഹാബിറ്റാറ്റിനായി കൊച്ചി അന്താരാഷ്ട്ര സ്റ്റേഡിയത്തിന്റെ കെട്ടിടത്തിൽ 15000 ഓളം ചതുരശ്രഅടി വിസ്തീർണ്ണമുള്ള സ്ഥലം വികസിപ്പിച്ച് വരുന്നത് അന്തിമ ഘട്ടത്തിലാണ്. കിൻഫ്രയുടെ പാർക്കുകളിൽ ഐ.ടി അധിഷ്ഠിത കമ്പനികളെ ആകർഷിച്ച് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രർത്തനങ്ങളും നടന്നു വരുന്നു.

## <u>റോഡ് സുരക്ഷാ അതോറിറ്റി</u>

101. ശ്രീ. പി.എസ്. സുപാൽ:
ശ്രീ. ബിനോയ് വിശ്വം:
ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അതോറിറ്റിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) റോഡ് സുരക്ഷാ നിധിയിൽ നിന്ന് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പേർക്ക് എന്ത് തുകവീതം സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പു മന്ത്രി):-**

(എ) റോഡ് സുരക്ഷാ സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ താമസിയാതെ രൂപീകരിക്കുവാൻ ഉദ്ദേശമുണ്ട്.

(ബി) നടപ്പു വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് ഒരു റോഡ് സേഫ്റ്റി അതോറിററി രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ തുടർനടപടിയായി വിവിധ വകുപ്പു സെക്രട്ടറിമാർ ട്രാൻസ്പോർട്ട് കമ്മീഷണർ മുതലായവർ ഉൾപ്പെടുന്ന ഒരു സമിതി 5..4..2002-ൽ പ്രാഥമിക ചർച്ചകൾ നടത്തുകയും നിയുക്ത റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിനായി അതിന്റെ ഘടന, അധികാരങ്ങൾ, ധനാഗമ മാർഗ്ഗങ്ങൾ മുതലായവ ഉൾക്കൊള്ളുന്ന വിശദമായരൂപരേഖ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് (പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ (എക്സ്പൻഡിച്ചർ) സെക്രട്ടറി, ട്രാൻസ്പോർട്ട് കമ്മീഷണർ, നാട്പാക് ഡയറക്ടർ, നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു കമ്മിററിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, ആവശ്യമായ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുക, റോഡ് സുരക്ഷാ സംബന്ധമായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, അതിനാവശ്യമായ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുകയും അവയുടെ ഭരണം നടത്തുകയും ചെയ്യുക മുതലായവയാണ് പ്രധാന ലക്ഷ്യങ്ങൾ.

(സി) സംസ്ഥാനത്ത് റോഡ് സുരക്ഷാ നിധി നിലവിലില്ല.

## വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വിദേശ നിക്ഷേപം

102\. ശ്രീ. പി.കെ. അബ്ദുറബ്ബ്:

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. ടി.പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി മൂലധനം നിക്ഷേപിക്കുവാൻ ഏതെങ്കിലും വിദേശ മലയാളികൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് അവർ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്;

(സി) എത്രത്തോളം മൂലധനം മുടക്കാൻ അവർ തയ്യാറാണെന്ന് വെളിപ്പെടുത്തിയിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി. യുമായി ചേർന്ന് വ്യവസായമാരംഭിക്കുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ളതും നിക്ഷേപ തീരുമാനമായിട്ടുള്ളതുമായ 4 പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

(രൂപ ലക്ഷത്തിൽ)

| മുതൽ മുടക്ക് | തൊഴിൽ സാദ്ധ്യത | വിദേശമലയാളി നിക്ഷേപം |
|---|---|---|
| 1700 | 25 | 600 ലക്ഷം രൂപ |
| 10000 | 300 | 2400 ലക്ഷം രൂപ |
| 6300 | 540 | 4500 ലക്ഷം രൂപ |
| 158 | 31 | 96 ലക്ഷം രൂപ |
| ആകെ 18158 | 896 | 7596 ലക്ഷം രൂപ |

(സി) ഉണ്ട് ഏകദേശം 76 കോടി രൂപ.

## സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിത്തീർക്കുവാൻ നടപടി

T 103. ശ്രീ. തമ്പാനൂർ രവി:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. ടി.വി. ചന്ദ്രമോഹൻ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു.

(ബി) അതിന്റെ ഫലമായി എത്ര വിദേശ വ്യവസായ സംരംഭകരും നോൺറെസിഡന്റ് ഇൻഡ്യൻ സംരംഭകരും സംസ്ഥാനത്ത് നിക്ഷേപം നടത്താനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്;

(സി) ഇപ്രകാരം സന്നദ്ധത പ്രകടിപ്പിക്കുന്നവരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ പര്യാപ്തമായ വിധത്തിലുള്ള സമീപനം സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവർ ആ നിർദ്ദേശം പാലിക്കുന്നുണ്ടോ എന്ന് എപ്രകാരമാണ് ഉറപ്പ് വരുത്തുന്നതെന്ന് വിശദീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) വ്യവസായ സംരംഭകർക്ക് അനുകൂമായ പുതിയ വ്യവസായ ഐ.ടി തൊഴിൽ നയങ്ങൾ രൂപപ്പെടുത്തിക്കഴിഞ്ഞു. ആഗോള തലത്തിലുള്ള നിക്ഷേപകരെ ആകർഷിക്കുവാനായി 2002 നവംബറിൽ ഒരു ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

(ബി) പ്രാരംഭ ചർച്ചകൾ നടക്കുന്നതേയുള്ളു. വ്യക്തമായ കണക്കുകൾ നൽകുവാൻ ഇപ്പോൾ ലഭ്യമല്ല.

(സി) ഉണ്ട്.

(ഡി) ചീഫ് സെക്രട്ടറി ചെയർമാനായി അവലോകന കമ്മിറ്റി പ്രവർത്തിയ്ക്കുന്നുണ്ട്.

## ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണം

104. ശ്രീ. ജോണി നെല്ലൂർ:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. എ.എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികൾ നവീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനായി സ്വകാര്യ-സംയുക്ത മേഖലകളിൽ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ ചികിൽസയ്ക്കും രോഗനിർണ്ണയത്തിനും ആവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. ഉദ്യോഗമണ്ഡൽ ഇ.എസ്.ഐ. ആശുപത്രി സംസ്ഥാനത്തെ മോഡൽ ആശുപത്രി ആയി ഉയർത്താൻ ഇ.എസ്.ഐ. കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. കൊല്ലം ആശ്രാമം ഇ.എസ്.ഐ. ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ

105 ശ്രീ. ടി.കെ. ബാലൻ:
ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാത്തെ കൈത്തറി വ്യവസായരംഗം ഇപ്പോൾ നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി)ഉൽപ്പാദന വർദ്ധന ലക്ഷ്യമാക്കി കൈത്തറിക്കാർക്ക് നൽകി വന്നിരുന്ന സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ നൽകേണ്ടതില്ലെന്ന് തീരുമാനിക്കപ്പെട്ടിട്ടുണ്ടോ;

(സി കേന്ദ്രം നിർത്തലാക്കിയ കൈത്തറിക്കുള്ള റിബേറ്റ് പുന:സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി)ആനുകൂല്യങ്ങൾ പൂർണ്ണമായി നിഷേധിക്കുന്നതുമൂലം കൈത്തറിതൊഴിലാളികൾ പട്ടിണിയിലാവുന്നതും ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അത്യന്തം ഗുരുതരമായ കൈത്തറി വ്യവസായമേഖലയെ ഇന്നത്തെ സ്ഥിതിയിൽ നിന്നും രക്ഷിക്കുന്നതിന് ഫലപ്രദമായ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(എഫ്) സംസ്ഥാനത്തെ കൈത്തറിമേഖലയിൽ എത്രകോടി രൂപയുടെ ഉൽപന്നങ്ങൾ കെട്ടിക്കിടപ്പുണ്ടെന്നും കൈത്തറി വ്യവസായരംഗത്ത് എത്രപേർ ജോലി ചെയ്തു വരുന്നുണ്ടെന്നും വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഇത്തരം ഒരു തീരുമാനം ഇല്ല.

(സി) കേന്ദ്ര സർക്കാർ 1987-88 മുതൽ റിബേറ്റ് നിർത്തലാക്കി. ഇത് പുന:സ്ഥാപിക്കുവാൻ നടത്തിയ അഭ്യർത്ഥനകൾ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.

(ഡി) ആനുകൂല്യങ്ങൾ പൂർണ്ണമായും നിഷേധിക്കപ്പെട്ടു എന്നു പറയാനാകില്ല. കൈത്തറി മേഖലയിൽ ഇൻഡ്യ ഒട്ടാകെ ഉണ്ടായ മാന്ദ്യം കേരളത്തിലും ബാധിച്ചിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കൈത്തറിമേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി വിപണന രംഗത്തെ മാന്ദ്യമാണ്. ഇത് തരണം ചെയ്യുന്നതിനായി ഗുണമേന്മയേറിയതും ഉപോഭോക്താവിന്റെ ആവശ്യവും അഭിരുചിക്കനുസൃതവുമായ കൈത്തറി വസ്ത്രങ്ങൾ ഉല്പാദിപ്പിച്ചെടുക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

(എഫ്) ഉദ്ദേശം 120 കോടി രൂപയുടെ കൈത്തറി ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നതായി കണക്കാക്കുന്നു. കൈത്തറി വ്യവസായരംഗത്ത് ഉദ്ദേശം 1,75,000 തൊഴിലാളികൾ ഉള്ളതായി കണക്കാക്കുന്നു.

## തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്താനുള്ള നടപടി

106. ശ്രീ. ടി.എച്ച്. മുസ്തഫ:
ശ്രീ. പി.ജെ.ജോയി:
ശ്രീ. ലൂഡി ലൂയീസ്:
ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. എം.എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുവാൻ നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ കാതലായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ ലക്ഷ്യത്തോടുകൂടി എന്നത്തേക്ക് നിയമനിർമ്മാണം നടത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**ഉത്തരം**
**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി & (സി) സർക്കാർ രൂപം കൊടുത്തുവരുന്ന തൊഴിൽനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതാണ്. തൊഴിൽ നിയമങ്ങളിൽ കാലാനുസൃതമായ ഭേദഗതി നിർദ്ദേശങ്ങൾ നൽകാൻ വിദഗ്ദ്ധ സമിതിയെ രൂപീകരിക്കാനും നിയമഭേദഗതികൾ വരുത്താനും ഉദ്ധേശിക്കുന്നുണ്ട്.

## ഇ-ഗവേണൻസ് നടപ്പാക്കുന്നതിന് നടപടി

107. ശ്രീ. എ.പി. അനിൽകുമാർ:
ശ്രീ. പി.ജെ. ജോയി:
ശ്രീ. വർക്കല കഹാർ:
ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തേണ്ടത്; ഇതിന് എന്തു ചെലവു വേണ്ടിവരും;

(ബി) ഇവ എത്രകാലംകൊണ്ട് സ്ഥാപിക്കുവാനാണുദ്ദേശിക്കുന്നത്;

(സി) ഇ-ഗവേണൻസ് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) ഉദ്ദേശമുണ്ട്.

ഇ-ഗവേണൻസ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് താഴെപ്പയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

എ. കമ്പ്യൂട്ടർ സിസ്റ്റംസും ആപ്ളിക്കേഷൻ സോഫ്റ്റ് വെയറുകളും
ബി. ജീവനക്കാരുടെ കമ്പ്യൂട്ടർ പരിശീലനം
സി. വകുപ്പുതല കർമ്മസമിതികൾ
ഡി. വെബ് അധിഷ്ഠിത പദ്ധതികൾക്ക് വേണ്ടി ആവശ്യമുള്ള ബാൻഡ് വിഡ്ത്ത് ലഭ്യത

ഈ വർഷം ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി ഉദ്ദേശം 100 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു.

(ബി) ഇവ ഘട്ടംഘട്ടമായി സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ഘട്ടത്തിലും പൊതുജനങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പത്താം പദ്ധതിയിൽ ഇ-ഗവേണൻസിന് പ്രത്യേകം പ്രാമുഖ്യം നൽകിയിട്ടുള്ളതിനാൽ 2002-2003 വർഷത്തിൽ ഈ മേഖലയ്ക്ക് തത്തുല്യമായ പരിഗണന നൽകുന്നതാണ്. തിവഞ്ഞെടുത്ത വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനൊപ്പം FRIENDS സംവിധാനം വിപുലീകരിക്കുവാനും ഉദ്ദേശമുണ്ട്.

താഴെപ്പറയുന്ന സർക്കാർ വകുപ്പുകളും ഏജൻസികളും നടപ്പുവർഷം കമ്പ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശിക്കുന്നു.

1. സെക്രട്ടേറിയറ്റ്, 2. കളക്ട്രേറ്റുകൾ, 3. തദ്ദേശ സ്ഥാപനങ്ങൾ, 4. ട്രഷറികൾ, 5. റവന്യൂ വകുപ്പ്, 6. രജിസ്ട്രേഷൻ വകുപ്പ്, 7. മോട്ടോർ വെഹിക്കിൾസ് വകുപ്പ്, 8. സിവിൽ സപ്ളൈസ് വകുപ്പ്, 9. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്, 10. വാട്ടർ അതോറിറ്റി, 11. കെ.എസ്.ഇ.ബി.

വിദ്യാഭ്യാസ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാനും ഉദ്ദേശമുണ്ട്.

(എ.) ഐ.ടി. സ്കൂൾ, (ബി ഐ.ടി. ഗ്രീഡ്, (സി.) സാങ്കേതിക വിദ്യാഭ്യാസവകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം, (ഡി.) ലൈബ്രറി നെറ്റ് വർക്ക്.

(സി) സംസ്ഥാനത്ത് ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി സർക്കാർ ഒരു പ്രവർത്തനരേഖയും കർമ്മ പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്. അത് എല്ലാ വകുപ്പു സെക്രട്ടറിമാർക്കും വകുപ്പുതലവന്മാർക്കും നടപ്പിൽ വരുത്തുന്നതിനായി അയച്ചു കൊടുത്തിട്ടുണ്ട്. ഇ-ഗവേണൻസ് സംവിധാനം ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിനും ആവശ്യമായ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനും മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു കോ ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.സർക്കാർ അംഗീകരിച്ച പ്രവർത്തന രേഖയും കർമ്മ പരിപാടിയും നടപ്പിൽ വരുത്തുന്നത് മേൽനോട്ടം വഹിക്കുന്നതിനും, സമയബന്ധിതമായി നടപ്പിൽ വരുത്തുന്നുണ്ടോ എന്ന ഉറപ്പു വരുത്തുന്നതിനുമായി ചീഫ്സെക്രട്ടറി അദ്ധ്യക്ഷനായി ഒരു എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഐ.റ്റി. വകുപ്പ് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, സാങ്കേതിക സഹായം എന്നിവ ലഭ്യമാക്കുന്നതാണ്. ഐ.എം.ജി.യുടെ സഹായത്തോടെ സർക്കാർ വകുപ്പുകൾക്ക് പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതാണ്. വിവിധങ്ങളായ ഇ-ഗവേണൻസ് പ്രോജക്റ്റുകൾ കമ്പ്യൂട്ടർവൽക്കരണത്തിനായി മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വകുപ്പുകളിൽ നടന്നുവരികയാണ്. ഇപ്രകാരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. സെക്രട്ടേറിയറ്റ്, കമ്പ്യൂട്ടറൈസേഷനും നെറ്റ് വർക്കിംഗും
2. ട്രഷറി കമ്പ്യൂട്ടറൈസേഷനും നെറ്റ് വർക്കിംഗും
3. സെയിൽ ടാക്സ് കമ്പ്യൂട്ടറൈസേഷൻ
4. പഞ്ചായത്ത് കമ്പൂട്ടറൈസേഷൻ (ഇൻഫർമേഷൻ കേരള മിഷൻ)
5. രജിസ്ട്രേഷൻ വകുപ്പ് കമ്പ്യൂട്ടറൈസേഷൻ
6. കൃഷിവകുപ്പ് കമ്പ്യൂട്ടറൈസേഷൻ
7. ട്രാൻസ്പോർട്ട് വകുപ്പ് കമ്പ്യൂട്ടറൈസേഷൻ
8. സിവിൽ സപ്ളൈസ് വകുപ്പ് കമ്പ്യൂട്ടറൈസേഷൻ

ഐ.ടി. വകുപ്പ് ഇ-ഗവേണൻസിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ, പ്രത്യേകിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിനും കമ്പ്യൂട്ടർവൽക്കരണം സംയോജിപ്പിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകി വരുന്നു.

## തൊഴിൽ നയം

108. ശ്രീ. ടി.കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നയത്തിന് അന്തിമരൂപം നൽകുന്നതിനായി ട്രേഡ് യൂണിയനുകൾ, തൊഴിലുടമകൾ, രാഷ്ട്രീയ കക്ഷികൾ എന്നിവയുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായോ;

(ബി) ചർച്ചയുടെ അടിസ്ഥാനത്തിൽ കരട് തൊഴിൽനയത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിൽ നയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ അതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):-**

(എ) നടത്തുകയുണ്ടായി.

(ബി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിക്ഷേപങ്ങൾ ഗണ്യമായി ആകർഷിച്ച് അഞ്ചു വർഷത്തിനുള്ളിൽ 15 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ത്വരിതഗതിയിലുള്ള വ്യവസായ വളർച്ചയ്ക്ക് അനുഗുണമായ അന്തരീക്ഷം ഒരുക്കുക/ സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക, തൊഴിൽ ബന്ധങ്ങളിലെ പ്രതിലോമ പ്രവണത ലഘൂകരിച്ച് വ്യവസായ സമാധാനം നിലനിർത്തുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്നതാണ് പുതിയ തൊഴിൽനയം. ഇതിനായി നിലവിലുള്ള തൊഴിൽനിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനും ക്ഷേമനിധി പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കാനും മറ്റും ഉദ്ദേശിക്കുന്നു.

(സി)&(ഡി) നിർദ്ദിഷ്ട തൊഴിൽ നയത്തിന് താമസിയാതെ അന്തിമരൂപം നൽകുന്നതാണ്.

## സഹകരണ നിയമം ഭേദഗതി ഓർഡിനൻസ്

109. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എ.കെ. ബാലൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണനിയമം ഭേദഗതി ചെയ്തുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായോ;

(ബി) എങ്കിൽ ഓർഡിനൻസിലൂടെ നിയമം ഭേദഗതി ചെയ്യുവാനുണ്ടായ അടിയന്തിര സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സഹകരണ നിയമ ഭേദഗതിമൂലം സഹകരണരംഗത്ത് എന്ത് നേട്ടമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(ഡി) ഓർഡിനൻസ് വഴി ജില്ലാ ബാങ്കുകളുടെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിടുകയുണ്ടായോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി):-**

(എ) പുറപ്പെടുവിക്കുകയുണ്ടായി.

(ബി) & (സി) കേരളത്തിലുള്ള പ്രൈമറി, സെൻട്രൽ സഹകരണ ബാങ്കുകളുടേയും, സൊസൈറ്റികളുടേയും നിലവിലുള്ള ഘടന, പ്രവർത്തനരീതി മുതലായവയെ സംബന്ധിച്ച് പഠിക്കാനും, ഇപ്പോഴുള്ള സ്ഥിതിയിൽ പുരോഗമനം ഉണ്ടാക്കുന്നതിന് നിർദ്ദേശം സമർപ്പിക്കുന്നതിനുമായി നിയമിച്ച കെ.ആർ. അരവിന്ദാക്ഷൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ 3-6-1997-ലെ ഓർഡിനൻസ്പ്രകാരം 'എ' ക്ളാസ് അംഗത്വം നഷ്ടപ്പെട്ട സംഘങ്ങൾക്ക് അത് പുന:സ്ഥാപിക്കുന്നതിന് വേണ്ടിയാണ് അടിയന്തിരമായി ഓർഡിനൻസിലൂടെ നിയമം ഭേദഗതി ചെയ്തത്.

(ഡി) ഇല്ല. സഹകരണ നിയമ ഭേദഗതി ഓർഡിനൻസ് പ്രകാരം ജില്ലാ സഹകരണബാങ്ക് ഭരണസമിതികളുടെ കാലാവധി അവസാനിപ്പിക്കുകയാണുണ്ടായത്.

## വ്യാവസായിക തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ചർച്ച

110. ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. ടി.പി. രാമകൃഷ്ണൻ:
ശ്രീ. ടി.കെ. ബാലൻ:
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വ്യാവസായിക തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ;

(ബി) ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമങ്ങൾ സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) തൊഴിൽ തർക്കത്തിൽ പോലീസ് ഇടപെടുന്നത് സംബന്ധിച്ചുള്ള സർക്കാരിന്റെ നയം വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ ( തൊഴിൽവകുപ്പു മന്ത്രി):-**

(എ) & (ബി) നിർദ്ദിഷ്ട വ്യവസായിക തൊഴിൽ നയങ്ങൾ സംബന്ധിച്ച് രാഷ്ട്രീയപ്പാർട്ടി പ്രതിനിധികൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി. തൊഴിൽ നയത്തിന് അന്തിമ രൂപം നൽകിയതിനുശേഷം തൊഴിൽ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സമാധാനപരമായ തൊഴിൽ പ്രശ്നങ്ങളിൽ പോലീസ് ഇടപെടുന്നത് സർക്കാരിന്റെ നയമല്ല. അക്രമങ്ങളും കുറ്റകൃത്യങ്ങളും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ നിലവിലുള്ള നിയമപ്രകാരം തന്നെ പോലീസിന് ഇടപെടാൻ കഴിയുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും സ്വകാര്യ ബസ്സുകളുടേയും നിലവിലുള്ള ഫെയർ സ്റ്റേജ് പുനർ നിർണ്ണയം

111. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളുടേയും സ്വകാര്യ ബസ്സുകളുടേയും നിലവിലുള്ള ഫെയർ സ്റ്റേജ് അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) അന്ന് ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) അശാസ്ത്രീയമായ ഫെയർ സ്റ്റേജ് നിർണ്ണയംമൂലം യാത്രക്കാർക്കുണ്ടാകുന്ന ഭീമമായ നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ശാസ്ത്രീയമായ പഠനങ്ങളുടെ വെളിച്ചത്തിൽ ഫെയർസ്റ്റേജുകൾ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ (ഗതാഗത വകുപ്പുമന്ത്രി):-**

(എ) 1-8-1981-ൽ

(ബി) ഓർഡിനറി/മൊഫ്യൂസിൽ/സിറ്റി/സിറ്റിഫാസ്റ്റ്/ടൗൺ സർവ്വീസുകൾക്ക് പൊതുവായി 2.5 കിലോമീറ്റർ ദൂരമാണ് ഒരു ഫെയർസ്റ്റേജായി നിർണ്ണയിച്ചിരിക്കുന്നത്. സ്ഥലത്തിന്റെ പ്രാധാന്യം, യാത്രക്കാരുടെ സൗകര്യം എന്നിവ കണക്കിലെടുത്ത് 2.5 കിലോമീറ്റർ എന്ന ദൂരപരിധിയിൽ ചില്ലറ ഏറ്റക്കുറച്ചിൽ വരുത്തിയിരുന്നു.

(സി)&(ഡി) ഫെയർസ്റ്റേജ് നിർണ്ണയം നടത്തിയിട്ടുള്ളത് ശാസ്ത്രീയമായിട്ടാണ്. എങ്കിലും ഇതു സംബന്ധിച്ച പരാതികൾ ലഭിക്കാറുണ്ട്. ലഭിക്കുന്ന എല്ലാ പരാതികളും അടിയന്തിരമായി അന്വേഷണം നടത്തി തീർപ്പു കൽപ്പിക്കുന്നതിന് അതാത് ആർ.ടി.എ.കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

112. ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)) ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സംരംഭത്തിൽ വിദേശ മലയാളികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ സംരംഭങ്ങളെത്തുടർന്ന് മൂലധന നിക്ഷേപത്തിന് സഹായകമായ ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) അടുത്ത അഞ്ചു വർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്ത് 50,000/- കോടി രൂപയുടെ നിക്ഷേപ സമാഹരണം, വിവിധ മേഖലകളിൽ കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങളും നിലവിലുള്ള സമാധാന അന്തരീക്ഷവും വ്യവസായോന്മുഖമായ സാഹചര്യങ്ങളും ആഗോള നിക്ഷേപകരുടെ ശ്രദ്ധയിൽ പെടുത്തുക, വ്യവസായ നിക്ഷേപ/ സംരംഭകർക്ക് സംസ്ഥാനത്തെ കുറിച്ചുള്ള തെറ്റിദ്ധാരണ അകറ്റുവാൻ നടപടി സ്വീകരിക്കുകയും അതിനനുസരണമായ പ്രചാരണവും നടത്തുക, വിവിധ നിക്ഷേപക സൗഹൃദനയങ്ങൾ രൂപീകരിക്കുകയും അതു നടപ്പിലാക്കുകയും അതു മുഖേന സമൂലമായ വ്യവസായിക സാമൂഹ്യപുരോഗതി കേരളത്തിനുണ്ടാക്കുക എന്നിവയാണ് അന്തിമ ലക്ഷ്യം.

(ബി) പ്രവാസി മലയാളികളുടെ വിവിധ അസോസിയേഷനുകളുമായി ബന്ധപ്പെട്ടാണ് ഈ സമ്മേളനം നടത്തുന്നത്. മുതൽ മുടക്കാൻ ശേഷിയും സന്നദ്ധതയുമുള്ള പ്രവാസികളെ സംസ്ഥാനത്തിലേക്കാകർഷിച്ച് നിക്ഷേപം നടത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിദേശ മലയാളികളുടെ സഹായത്തോടെ ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽ 'റോഡ് ഷോ'കൾ നടത്താൻ പദ്ധതിയുണ്ട്.

(സി) നിക്ഷേപ സാദ്ധ്യതയുള്ള 50 മുൻഗണനാ പദ്ധതികൾ കണ്ടെത്തി അവയുടെ പദ്ധതിരേഖയും കൂടാതെ സംസ്ഥാനത്തിന് അനുയോജ്യമായ മറ്റ് പദ്ധതികളുടെ രൂപരേഖയും തയ്യാറാക്കുന്നുണ്ട്. ഇതിലേക്കായി പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിനെ

കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട് പദ്ധതികൾ തയ്യാറാക്കിവരുന്നു.

**<u>കേരളത്തെ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാക്കിമാറ്റാൻ നടപടി</u>**

113. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഉദ്ദേശിച്ചുകൊണ്ട് തൊഴിൽ മേഖലയിൽ സമഗ്രമായ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ ( തൊഴിൽവകുപ്പുമന്ത്രി):--**

(എ) &(ബി) സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഉദ്ദേശിച്ചുകൊണ്ടാണ് സർക്കാർ പുതിയ തൊഴിൽനയം പ്രഖ്യാപിച്ചത്. പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിക്ഷേപങ്ങൾ ഗണ്യമായി ആകർഷിച്ച് അഞ്ച് വർഷത്തിനുള്ളിൽ 15 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ ത്വരിതഗതിയിലുള്ള വ്യവസായ വളർച്ചയ്ക്ക് അനുഗുണമായ അന്തരീക്ഷം ഉണ്ടാക്കുക എന്നതാണ് തൊഴിൽനയത്തിന്റെ ലക്ഷ്യം.

***